സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ

21 (*771) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ ക്ലാസിഫൈ ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ലാസിഫിക്കേഷൻ നടത്തുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതുപ്രകാരമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ):

(എ) പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ പ്രവർത്തന മൂലധനം, നിക്ഷേപ ബാക്കി നിൽപ്പ്, വായ്പാ ബാക്കി നിൽപ്പ്, ഓഡിറ്റ് ക്ലാസിഫിക്കേഷൻ, ലാഭവിഹിതം നൽകുന്നത്, വായ്പയിന്മേലുള്ള കുടിശ്ശിക (NPA) ശതമാനം എന്നിവയും ജില്ലാ സഹകരണ ബാങ്ക്/അർബൻ ബാങ്ക് എന്നിവയാണെങ്കിൽ മേൽപ്പറഞ്ഞവ കൂടാതെ മൂലധന പര്യാപ്തതയുമാണ് സംഘങ്ങളെ/ബാങ്കുകളെ തരംതിരിക്കുന്നതിന് (ക്ലാസിഫിക്കേഷൻ) നിലവിലുള്ള മാനദണ്ഡങ്ങൾ.

(ബി) ഉണ്ട്. 19-1-2013-ലെ ജി.ഒ. (പി) നമ്പർ 12/2013/സഹ. നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ മൂന്ന് മാസത്തിനകം പ്രാഥമിക സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയം നടത്തിയിരിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെയും അർബൻ സഹകരണ ബാങ്കുകളുടെയും ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട പരമാവധി കാലാവധി 18-4-2013 ആയിരുന്നു. മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം സംഘം/ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അധിക സമയം ആവശ്യമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കേണ്ട കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടി സഹകരണ സംഘം രജിസ്ട്രാർക്ക് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അർബൻ സഹകരണ ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ 53/2013 സർക്കുലർ തീയതി മുതൽ ഒരു മാസത്തിനകം ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സമയബന്ധിതമായി ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടത് അതത് സംഘങ്ങളുടെ ഭരണ സമിതിയാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ നടപടികൾ ഏറെക്കുറെ പൂർണ്ണമായിട്ടുണ്ട്.

എമർജിംഗ് കേരള പദ്ധതികൾ

22 (*772) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചോ എന്ന് വ്യക്തമാക്കുമോ ;

(ബി) അതിനെ തുടർന്ന് ഏതൊക്കെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലായെന്ന് വ്യക്തമാക്കാമോ ;

(സി) പ്രഖ്യാപിച്ച പദ്ധതികളിൽ നിന്ന് പല നിക്ഷേപ സംരംഭകരും പിൻമാറിയതായി വന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ & ബി) എമർജിംഗ് കേരള പ്രതീക്ഷിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി പുറംലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് എമർജിംഗ് കേരള സംഘടിപ്പിച്ചത്. എമർജിംഗ് കേരള സംഗമത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ പദ്ധതികളടക്കം മൊത്തം 83 പദ്ധതികൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മാത്രം ഇപ്പോൾ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly